# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2424** **09-12-2014 ലെ മറുപടിയ്ക്ക്**

## കാരുണ്യ ബനവലന്റ് പദ്ധതി

**ചോദ്യം**
**ശ്രീ. രാജു എബ്രഹാം**

**മറുപടി**
**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

എ) കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ഗുരുതര രോഗം ബാധിച്ചവർക്കും ശസ്ത്രക്രിയ തീയതി നിശ്ചയിച്ചിട്ടുള്ളവർക്കും, മുൻഗണനാക്രമം പാലിക്കാതെ അടിയന്തിരമായി തുക അനുവദിക്കാൻ എന്തെങ്കിലും വ്യവസ്ഥകളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

ബി) കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ഗുരുതര രോഗം ബാധിച്ചവർക്കും ശസ്ത്രക്രിയ തീയതി നിശ്ചയിച്ചിട്ടുള്ളവർക്കും, മുൻഗണനാക്രമം പാലിക്കാതെ അടിയന്തിരമായി തുക അനുവദിക്കാൻ എന്തെങ്കിലും വ്യവസ്ഥകളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

എ) & ബി) രോഗി അപേക്ഷ സമർപ്പിക്കുന്ന തീയതി മുതലുള്ള ചികിത്സക്കാണ് ധനസഹായത്തിന് അർഹത. അപേക്ഷ സമർപ്പിക്കാതിരിക്കയും എന്നാൽ അടിയന്തിരമായി സർക്കാരാശുപത്രികളിൽ സർജറിക്കു വിധേയരാകുകയും ചെയ്യുന്ന രോഗികൾ സർജറി കഴിഞ്ഞ് 72 മണിക്കുറിനുള്ളിൽ അപേക്ഷ സമർപ്പിച്ചാലും പ്രസ്തുത അപേക്ഷ ചികിത്സാധനസഹായം അനുവദിക്കു ന്നതിന് പരിഗണി ക്കുന്നതാണ്.
ഈ 72 മണിക്കൂറിനുള്ളിൽ സർക്കാരവധി വന്നാൽ അടുത്ത പ്രവർത്തി ദിവസവും അപേക്ഷ സ്വീകരിക്കുന്നതാണ്.
അപേക്ഷ നൽകിയ ശേഷം അടിയന്തര ചികിത്സ ആവശ്യമായ രോഗികൾക്ക് ബന്ധപ്പെട്ട ഡോക്ടറുടെ സർട്ടിഫിക്കറ്റ് പ്രകാരം ചികിത്സ നടത്തുന്നതിന് 24 മണിക്കൂറിനുള്ളിൽ പ്രീആതറൈസേഷൻ നൽകുന്നതിന് ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപേക്ഷ സംസ്ഥാനതലകമ്മറ്റിയിലേക്ക് ശുപാർശ ചെയ്തതിനു ശേഷം അടിയന്തിരചികിത്സ ആവശ്യമായ രോഗികൾക്ക് 12 മണിക്കൂറിനുള്ളിൽ ചികിത്സ നടത്തുന്നതിനുള്ള പ്രീആതറൈസേഷൻ ഈമെയിലായി ബന്ധപ്പെട്ട ആശുപത്രിയിലേക്ക് നൽകുന്നതാണ്.

**സി)** ശസ്ത്രക്രിയക്കുശേഷവും മാസംതോറും വലിയതുക മരുന്നിനും മറ്റുമായി ചെലവഴിക്കേണ്ടി വരുന്ന രോഗികൾക്ക് തുടർന്നും സഹായം നൽകുന്നതിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

**സി)** കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം നിലവിൽ പരമാവധി ചികിത്സാ ധനസഹായമായി അനുവദിക്കുന്നത് 2 ലക്ഷം രൂപയാണ്. ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായമായ രണ്ടുലക്ഷം രൂപയുള്ള ഫാക്ടറുകൾ (മരുന്ന്) ഉപയോഗിച്ചുകഴിഞ്ഞ് തുടർന്നും ഫാക്ടറുകൾ ആവശ്യമായി വന്നാൽ ഒരു ലക്ഷം രൂപ കൂടി കാരുണ്യ ഫണ്ടിൽനിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നുണ്ട്. ഹീമോഫീലിയ രോഗികൾക്ക് 3 ലക്ഷം രൂപ എന്ന പരിധി ഒഴിവാക്കി ചികിത്സ സൌജന്യമായി നൽകുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ അവയവ ദാതാവിനുള്ള ചികിത്സയ്ക്കായി ഒരു ലക്ഷം രൂപ കൂടി അനുവദിക്കാനും ഉത്തരവായിട്ടുണ്ട്. കൂടുതൽ തുടർ ചികിത്സാസഹായം അനുവദിക്കുന്നകാര്യംഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ.